ഭരണഭാഷ മാതൃഭാഷ

നമ്പർ - WEC4/12955/18

വനിത ശിശു വികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി – 23.07.2021
E mail directorate.wcd@kerala.gov.in
Phone No. 0471 -2346534

## പരിപത്രം

സർ,

വിഷയം - വനിത ശിശുവികസന വകുപ്പ് – ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതി – തൃശ്ശൂർ ജില്ലയ്ക്ക് പുറമേ 13 ജില്ലകളിൽ കൂടി മീഡിയ ക്യാമ്പയിൻ സംഘടിപ്പിയ്ക്കുന്നതു – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന - ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതി കേരളത്തിന്റേതായ രൂപമാറ്റം വരുത്തുന്നത് സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 26.09.2019 ന് കൂടിയ യോഗ തീരുമാനം.

രാജ്യത്ത് ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും അനുപാതം കുറഞ്ഞു വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഒരു മാസ് ക്യാമ്പയിനായി ഉയർത്തിക്കൊണ്ട് പെൺകുട്ടികളുടെ ശാക്തീകരണം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതി. കേരളത്തിൽ നിലവിൽ തൃശ്ശൂർ ജില്ലയ്ക്ക് പുറമെ മറ്റു 13 ജില്ലകളിൽ കൂടി പദ്ധതിയുടെ മീഡിയ ക്യാമ്പയിൻ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സൂചന പ്രകാരം ബഹു.സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതിയുടെ മീഡിയ ക്യാമ്പയിൻ നടത്തുന്നതിനു ചുവടെ ചേർക്കും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

JF

1. സമ്പുഷ്ട കേരളം പദ്ധതിപ്രകാരമുള്ള ഘടകങ്ങളിൽ ഒന്നാം കമ്മ്യൂണിറ്റി ബേസ്ഡ് ഈവന്റ്സ് (CBE) എല്ലാ അങ്കണവാടികളിലും പ്രതിമാസം 2 തവണ വീതം നടപ്പിലാക്കുന്നു. ഇവയിൽ പെൺ ഭ്രൂണഹത്യ, ബാലവിവാഹം, പെൺകുട്ടികളുടെ വിദ്യാഭ്യാസം എന്നീ വിഷയങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട സൂപ്പർവൈസർമാർ നടപടി സ്വീകരിക്കേണ്ടതും, ശിശു വികസനപദ്ധതി ഓഫീസർമാർ മേൽ വിഷയം വിലയിരുത്തുന്നതിനായി അങ്കണവാടികളിൽ സന്ദർശനം നടത്തേണ്ടതുമാണ്.
2. ഇതു കൂടാതെ അങ്കണവാടിതല പ്രതിമാസ യോഗങ്ങൾ, ALMV മീറ്റിംഗ്, Adolescent meeting, ECCE meeting എന്നിവയിൽ പദ്ധതിയെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കേണ്ടതും അടുത്ത മീറ്റിംഗിൽ ആയതിന്റെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.
3. ജനന സമയത്തെ ശിശു നിരക്ക് കുറവ് രേഖപ്പെടുത്തിയ കൊല്ലം, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലും അങ്കണവാടി പ്രവർത്തകർ മുഖേന പദ്ധതി സംബന്ധിച്ച Door to Door ക്യാമ്പയിൻ സംഘടിപ്പിയ്ക്കാവുന്നതാണ്.
4. സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള സ്കൂൾ കൗൺസിലേഴ്സ് മുഖാന്തിരം സ്കൂളുകളിൽ പെൺകുട്ടികളുടെ പഠനത്തെക്കുറിച്ചും സ്വന്തം കാലിൽ നിൽക്കാനായി പ്രാപ്തരാക്കേണ്ടതിന്റെ പ്രാധാന്യം, ശൈശവ വിവാഹം കാരണം ഉണ്ടാകുന്ന ആരോഗ്യ, മാനസിക പ്രശ്നങ്ങൾ ശൈശവ വിവാഹം കാരണം പെൺകുട്ടികളുടെ അവകാശലംഘനം എന്നിവയെക്കുറിച്ച് PTA യിലും കുട്ടികൾക്കും അവബോധ ക്ലാസ്സ്, ചർച്ച, skit, flashmob, poster preparation എന്നിവ വഴി ടി വിഷയത്തിൽ അവബോധം ഉണ്ടാക്കേണ്ടതാണ്.
5. തൃശ്ശൂർ ജില്ലയിൽ 2021 – 22 സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാൻ അനുസരിച്ച് BBBP പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന തൃശ്ശൂർ പ്രോഗ്രാം ഓഫീസർ സ്വീകരിക്കേണ്ടതാണ്.
6. മീഡിയ ക്യാമ്പയിന്റെ ഭാഗമായി radio campaign, social media campaign എന്നിവ താഴെ പറയുന്ന രീതിയിൽ നടത്താവുന്നതാണ്.

JF

Child Marriage Prohibition Officers ആയി ശിശുവികസന പദ്ധതി ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ശൈശവ വിവാഹം തടയുകയും പെൺകുട്ടികളുടെ പഠനം മുടങ്ങാതെ തുടർ വിദ്യാഭ്യാസം നൽകാനായി ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. ഇവ ലോക്കൽ ചാനൽ/ FM Radio Air വഴി talks നൽകുക.

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. സ്റ്റോക്ക് ഫയൽ/സ്പെയർ

JF